**പതിമൂന്നാം കേരളനിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2718** — **10.12.2014 ലെ മറുപടിയ്ക്ക്**

**ഇടമലയാർ ഇറിഗേഷൻ പദ്ധതി**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.ജോസ് തെറ്റയിൽ** | | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| **എ)** ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെയും ലോ ലെവൽ കനാലിന്റെയും പൂർത്തിയാ ക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;<br><br>**ബി)** പ്രസ്തുത പ്രവൃത്തികൾ' പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | എ) & ബി) | ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ<br>**മെയിൻ കനാൽ**<br>1) 600-1000 മീറ്റർ വരെയും<br>2) 1000- 1300 വരെയും ലൈനിംഗ് പൂർത്തീകരിക്കാനുണ്ട്<br>3) 7400 മീറ്റർ മുതൽ 8000 മീറ്റർ വരെയുള്ള 2 പ്രവൃത്തികൾ - പൂർത്തീകരണ ഘട്ടത്തിലാണ്<br>4) ഫ്ളഷ് എസ്കേപ്പ് (16360 മീറ്റർ) - പുരോഗമിച്ചുവരുന്നു<br>5) ചെയിനേജ് (20103-20123) ലുള്ള അണ്ടർ ടണൽ - പൂർത്തീകരണ ഘട്ടത്തിലാണ്.<br>**ലോ ലെവൽ കനാൽ**<br>1) 7300 -7800 മീറ്റർ - പ്രദേശവാസികളുടെ എതിർപ്പ്മൂലം പണി നടക്കുന്നില്ല.<br>2) 10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള പണികൾക്ക് 10/3/2004 ൽ സാങ്കേതികാനുമതി നൽകിയിരുന്നെങ്കിലും ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം ഈ വർക്ക് ഒന്നിച്ച് പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ടി വർക്ക് 10490 മീറ്റർ മുതൽ 10599 മീറ്റർ വരെയുള്ളതും 10599 - 12000 വരെയുള്ള രണ്ട് വർക്കുകളായി തിരിച്ച് പൂർത്തീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>3. 13818.5 മീറ്റർ - 13876 മീറ്റർ (റെയിൽവേ ക്രോസിംഗ്) - റെയിൽവേയിൽ നിന്നും ഡിസൈൻ അംഗീകരിച്ച് കിട്ടിയിട്ടില്ല.<br><br>4. 14783 മീറ്റർ - 14863 മീറ്റർ എൻ.എച്ച് ക്രോസിങ്ങ്. |

| | | | |
|---|---|---|---|
| **സി)** | ഈ പദ്ധതി എന്നത്തേയ്ക്ക് ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധി ക്കുമെന്ന് വ്യക്തമാക്കാമോ ; | സി) | സെൻട്രൽ വാട്ടർ കമ്മീഷന്റെ നിർദ്ദേശപ്രകാരം ലൈനിംഗ് പൂർത്തിയാക്കിയാൽ മാത്രമേ ഔദ്യോഗികമായി കമ്മീഷൻ ചെയ്യാൻ(ഭാഗികമായി) സാധിക്കുകയുള്ളൂ. ഇപ്പോൾ പ്രധാന കനാലിന്റെ 30 കിലോമീറ്റർ വരെയും ലോ ലെവൽ കനാലിന്റെ 7300 കീലോമീറ്റർ വരെയും തടസ്സങ്ങളില്ലാതെ വെള്ളം എത്തിക്കാൻ സാധിക്കുന്നുണ്ട്. |
| **ഡി)** | ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ആക്ഷൻ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ; | ഡി) | ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 2014- 15 വർഷത്തെ ആക്ഷൻ പ്ലാനിന്അംഗീകാരം നൽകിയിട്ടുണ്ട്. |
| **ഇ)** | ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | ഇ) | പ്രവർത്തിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **എഫ്)** | ആയതിന്റെ പണികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ ? | എഫ്) | പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

Jommy PS
സെക്ഷൻ ഓഫീസർ